بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 03.10.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*03.10.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നാം പള്ളികൾ നിർമ്മിക്കുന്നിടത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള അസാധാരണമായ സംവിധാനവും ഉണ്ടാവുന്നു. അല്ലാഹുവിന്റെ സഹായം പ്രകടമാകുന്നു. എന്റെ പര്യടനങ്ങളിൽ അസാധാരണമായ അനുഗ്രഹങ്ങൾ ചൊരിയുന്നു എന്നതും അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്.**

തശ്ശഹുദും തഅവുദും സൂറാ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അയ്യദുല്ലാഹു തഅല ബിനസിരിൽ അസീസ് പറഞ്ഞു.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, ഇസ്‌ലാമിക അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ദീനുൽ ഇസ്‌ലാം രണ്ട് മഹത്തായ ഉദ്ദേശ്യങ്ങൾ ഉൾകൊള്ളുന്നതാണ്. ഒന്നാമതായി അല്ലാഹു യഥാർഥത്തിൽ ഉള്ളത് പോലെ അവനെ അറിയുകയും അനുസരണത്തിന്റെയും സ്നേഹത്തിന്റെയും നിബന്ധന ആവശ്യപ്പെടുന്നത് പ്രകാരം അവനെ സ്നേഹിക്കുകയും അവനെ യഥാർത്ഥ രീതിയിൽ അനുസരിക്കുന്നതിൽ തന്റെ അസ്തിത്വത്തെ മാറ്റി വെക്കുകയും ചെയ്യുക. രണ്ടാമത്തെ ഉദ്ദേശ്യം അവന്റെ ദാസന്മാരുടെ സേവനത്തിനും സഹാനുഭൂതിക്കുമായി തന്റെ മുഴുവൻ ശക്തിയും ചെലവഴിക്കുകയും നന്മ പ്രവർത്തിക്കുന്ന ചക്രവർത്തി മുതൽ താഴെക്കിടയിലുള്ള ഒരു മനുഷ്യനോടു വരെ നന്ദിയോടും ഔദാര്യ മനോഭാവത്തോടും കൂടി പെരുമാറുക.

വീണ്ടും പറയുന്നു, ഇസ്‌ലാം അധ്യാപനങ്ങളെ രണ്ട് ഭാഗമാക്കിയിരിക്കുന്നു. ഒന്ന് ഹഖൂഖുല്ലാഹ് രണ്ട് ഹഖൂഖുൽ ഇബാദ്. അവനെ അനുസരിക്കുകയെന്നത് നിർബന്ധമാണ് എന്ന് മനസിലാക്കുന്നതാണ് ഹഖുല്ലാഹ് എന്ന് പറയുന്നത്, അല്ലാഹുവിന്റെ സൃഷ്ടികളോട് സഹാനുഭൂതി കാണിക്കുകയെന്നതാണ് ഹഖുൽ ഇബാദ്. മതത്തോടുള്ള എതിർപ്പ് കൊണ്ട് മാത്രം ആരെയെങ്കിലും വേദനപ്പിക്കുകയെന്നത് ശരിയായ രീതിയല്ല. ഹദ്റത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിലും മൽഫൂസാത്തുകളിലും നൽകിയിരിക്കുന്ന ഇത്തരത്തിലുള്ള അനേകം നിർദ്ദേശങ്ങളും ലിഖിതങ്ങളും നമ്മുടെ കടമകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നതായിട്ടുണ്ട്. ഇത് തന്നെയാണ് അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും സ്ഥാപിക്കുന്നതിനുള്ള അധ്യാപനങ്ങൾ, ഇതാണ് ഇന്ന് ലോകത്തിന് ആവശ്യം. ഈ അധ്യാപനങ്ങൾ തന്നെയാണ് നാം ലോകത്തിന് മുമ്പ് അവതരിപ്പിക്കുമ്പോൾ ലോകം അത്ഭുതപ്പെട്ടുപോകുന്നത്. പിന്നീട് ഇസ്‌ലാമിക അധ്യാപനങ്ങളുടെ കൂടുതൽ വശങ്ങൾ വിശദമായി അവതരിപ്പിക്കുമ്പോൾ കേൾക്കുന്നവരുടെ ആശ്ചര്യം കൂടുതൽ വർദ്ധിക്കുന്നതു കാരണം പൊതുവായ നിലയിൽ അമുസ്‌ലിംകൾ ഇസ്‌ലാമിന്റെ എതിരാളികളുടെ ഭാഗത്ത് നിന്ന് ഇസ്‌ലാമിനെ കുറിച്ച് കേട്ടിരിക്കുന്നത് ഇസ്‌ലാം തീവ്രവാദത്തിന്റെയും അവകാശ ധ്വംസനത്തിന്റെയും മതമാണ് എന്നാണ്. അതിന് തെളിവായി അവർ നിർഭാഗ്യവശാൽ ഇന്ന് ചില മുസ്‌ലിം വിഭാഗങ്ങളും വ്യക്തികളും കാണിക്കുന്ന പ്രവർത്തികൾ ഉദ്ദരിക്കുന്നു.

എന്നാൽ ഞാൻ പറഞ്ഞത് പോലെ ഇസ്‌ലാമിക അധ്യാപനങ്ങളുടെ യഥാർഥ്യം വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനി(സ)യുടെ ജീവിത മാതൃകയുടേയും, ഖുലഫാഹു റാശിദീങ്ങളുടേയും സഹാബാക്കളുടേയും ജീവിത മാതൃകയുടെ അടിസ്ഥാനത്തിൽ അവ തരിപ്പിക്കുമ്പോൾ അവർക്ക് യാഥാർഥ്യം വ്യക്തമാകുന്നു. ഈ അധ്യാപനത്തെ നടപ്പിൽ വരുത്തുന്നതിന് ഈ കാലഘട്ടത്തിൽ അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ) നെ നിയോഗിച്ചിരിക്കുന്നുവെന്നതും, അഹ്മദിയ്യാ ജമാഅത്ത് ഇത് പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്നുവെന്നും അത് അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ച് കൊണ്ടിരിക്കുന്നുവെന്ന് പറയുകയും ചെയ്യുമ്പോൾ ലോകത്തിന്റെ ശ്രദ്ധ ജമാഅത്തിലേക്ക് തിരിയുന്നു. കടുത്ത എതിരാളിയുടെ മുമ്പിൽ പോലും ഈ അധ്യാപനങ്ങൾ നല്ല നിലയിൽ, ഉന്നതമായ നിലയിൽ അവതരിപ്പിക്കുകയും പ്രവർത്തനമാതൃകയുടെ പ്രകടനം കാണിക്കാൻ ശ്രമിക്കുകയും ചെയ്താൽ ഒരു അസാധാരാണമായ സ്വാധീനം ജനങ്ങളിൽ ഉണ്ടാകുന്നു. ഏതായിരുന്നാലും ഞാൻ ഇപ്പോൾ അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നതിന് പകരം പറയാനാഗ്രഹിക്കുന്നത്, കഴിഞ്ഞ ദിവസം അഹ്മദിയ്യാ ജമാഅത്ത് അയർലന്റിന്റെ ആദ്യത്തെ മസ്ജിദിന്റെ ഉദ്ഘാടനം നടന്നിരുന്നു. അവിടെ നിന്നുള്ള എന്റെ ഖുത്ബ നിങ്ങൾ എല്ലാവരും കേട്ട് കാണും. പിന്നീട് വൈകുന്നേരം റിസപ്ഷൻ ഉണ്ടായിരുന്നു അതും ലൈവായി പ്രക്ഷേപണം ചെയ്തിരുന്നു. അതും നിങ്ങൾ കേട്ടിരിക്കും. അതിൽ ഞാൻ ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പറഞ്ഞിരുന്നു, പൊതുവിൽ ഞാൻ അന്യരുടെ മുമ്പിൽ ഈ ഒരടിസ്ഥാനത്തിലാണ് സംസാരിക്കാറുള്ളത് അത് അന്യരിൽ അസാധാരണമായ സ്വാധീനം ഉണ്ടാക്കുന്നു.

അവിടെ ഗാൽവേ അയർലന്റിലും നമ്മുടെ അതിഥികളായി വന്നവരിലും ഇത് വലിയ സ്വാധീനം ഉണ്ടാക്കി. അതു കൂടാതെ പ്രസ്സ് ഇന്റർവ്യൂയിലും രാഷ്ട്രീയക്കാരോടും വിദ്യാസമ്പന്നരായ ആളുകളോടും ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ സംസാരിച്ചു. അവരിലും അത് സ്വാധീനം ചെലുത്തുകയും എല്ലാവരും അത് പ്രകടിപ്പിക്കുകയും ചെയ്തു. ഐറിഷ് ജനങ്ങളുടെ പ്രത്യേകത അവർ നെഗറ്റീവും പോസിറ്റീവുമായ അഭിപ്രായങ്ങൾ തുറന്ന നിലയിൽ പ്രകടിപ്പിക്കുന്നു. അതല്ലെങ്കിൽ കാര്യം ഇഷ്ടപ്പെട്ടില്ല എങ്കിൽ നിശബ്ദരായി ഇരിക്കും. അകാരണമായി പ്രശംസിക്കാറില്ല. അതുകൊണ്ട് ഞാൻ ഇന്ന് ഈ പര്യടനവുമായി ബന്ധപ്പെട്ട ഏതാനും ചില കാര്യങ്ങളും ആളുകളുടെ ചില അഭിപ്രായങ്ങളും വിവരിക്കുന്നതായിരിക്കും. അത് കണ്ട്, ശ്രവിച്ച് വായിച്ച് അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നു.

തൗഫീഖും ലഭിക്കുന്നു. എങ്ങനെയാണ് അല്ലാഹു ജമാഅത്തിനെ പരിജയപ്പെടുത്താനും ഇസ്‌ലാമിന്റെ യഥാർഥത്തിലുള്ള അധ്യാപനം പ്രചരിപ്പിക്കാനുമുള്ള തൗഫീഖ് നൽകികൊണ്ടിരിക്കുന്നത്.

ഞാൻ അയർലന്റിൽ എത്തിയപ്പോൾ അടുത്ത ദിവസം ജമാഅത്ത് പാർലമെന്റ് ഹൗസിൽ സ്പീക്കറുമായും ഏതാനും പാർലമെന്റ് മെമ്പർമാരുമായും ഒരു കൂടികാഴ്ച്ചക്കുള്ള പരിപാടി ഒരുക്കിയിരുന്നു. അത് വളരെ നല്ല അന്തരീക്ഷത്തിൽ നടന്നു. അയർലന്റിലെ നാഷണൽ പാർലമെന്റിലെ സ്പീക്കറുമായി കൂടികാഴ്ച്ച നടത്തി. അദ്ദേഹം പറഞ്ഞു ''എനിക്ക് ജമാഅത്തിനെ കുറിച്ച് അറിയാം, താങ്കളുടെ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ ഞാൻ വളരെ വിലമതിപ്പോടുകൂടിയാണ് നോക്കിക്കാണുന്നത്.'' ഇവിടെയുള്ള ജമാഅത്ത് ചെറുതാണെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ പ്രവർത്തനനിരതരാണ്. ഏതായിരുന്നാലും അദ്ദേഹവുമായി സംസാരിച്ചു. ആഫ്രിക്കൻ രാജ്യങ്ങളിൽ ജമാഅത്ത് ചെയ്യുന്ന സേവനങ്ങൾ, എങ്ങനെയാണ് നാം ഹോസ്പിറ്റലുകളും സ്കൂളുകളും നടത്തുന്നത്, ദരിദ്രരായ ആളുകൾക്ക് കുടിക്കാനുള്ള വെള്ളം എത്തിക്കുന്നത്. മറ്റു വിധത്തിലുള്ള സേവനപ്രവർത്തനങ്ങൾ ചെയ്യുന്നത് എന്നതെല്ലാം ഞാൻ അദ്ദേഹത്തിന് പറഞ്ഞു കൊടുത്തു. ഇതെല്ലാം തന്നെ ഒരു വിധത്തിലുള്ള വ്യത്യാസവും കല്പിക്കാതെയാണ് ചെയ്ത് കൊണ്ടിരിക്കുന്നത്. നമ്മുടെ സ്കൂളുകളിൽ മതവിദ്യാഭ്യാസവും നൽകുന്നുണ്ട്. എന്നാൽ സ്വതന്ത്ര്യമുണ്ട്, ഒരു വിധത്തിലുള്ള നിർബന്ധവുമില്ല എന്ന കാര്യം അദ്ദേഹത്തോട് ഞാൻ പറഞ്ഞപ്പോൾ അത് അദ്ദേഹത്തെ അങ്ങേയറ്റം അത്ഭുതപ്പെടുത്തി. ഒരാൾ ചോദിച്ചു. അങ്ങനെ ഒരു അവസരം ഉണ്ടായിട്ടുണ്ടൊ? അതല്ല എങ്കിൽ ഒരു അവസരം ഉണ്ടാക്കാൻ സാധിക്കുമോ? അതായത് അനഹ്മദികളുമായും അനഹ്മദി പണ്ഡിതന്മാരുമായും ജമാഅത്തിനെ എതിർക്കുന്ന നേതാക്കന്മാരുമായും ഏതെങ്കിലും ഒരു പ്ലാറ്റ്ഫോമിൽ ഇരുന്ന് സംസാരിക്കാനുള്ള അവസരം. ഞാൻ പറഞ്ഞു ഞങ്ങൾ എപ്പോഴും അതിന് തയ്യാറാണ്. ഇനി അഥവാ നിങ്ങൾ ആ വിധത്തിലുള്ള ഏതെങ്കിലും പ്ലാറ്റ് ഫോറം ഉണ്ടാക്കുകയാണെങ്കിൽ ഞങ്ങൾ അവിടെ വരാനും തയ്യാറാണ്. എന്നാൽ എനിക്കറിയാം അവർ വരുന്നതല്ല. പിന്നീട് സ്ത്രീകളുടെ സ്വതന്ത്ര്യത്തെ കുറിച്ച് ചോദിച്ചു. അവർക്ക് കാര്യങ്ങൾ മനസിലാക്കികൊടുക്കുകയും അവർക്ക് വളരെ അധികം തൃപ്തിയാവുകയും ചെയ്തു. പിന്നീട് വിഭാഗീയതയെ കുറിച്ചും അവർ ചോദിച്ചു. ഈ ശിയ, സുന്നി എന്ത് കൊണ്ടാണ് ഉണ്ടാകുന്നത്. അപ്പോൾ ഞാൻ അവരോട് പറഞ്ഞു. ഏതുപോലെ യഹൂദികളിലും ക്രിസ്ത്യാനികളിലും വിഭാഗങ്ങൾ ഉണ്ടോ അതുപോലെ ഇസ്‌ലാമിലും വിഭാഗങ്ങൾ ഉണ്ട്. എന്നാൽ ഇസ്‌ലാമിലെ ഈ വിഭാഗങ്ങളെ കുറിച്ചുള്ള പ്രവചനം മുമ്പ് തന്നെയുണ്ട്. ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ അടിസ്ഥാനം. കാരണം വരാനുള്ള വ്യക്തി ഈ എല്ലാ വിഭാഗങ്ങളെയും ഒരുമിച്ച് കൂട്ടണമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് ഈ പ്രവർത്തി ചെയ്ത് കൊണ്ടിരിക്കുന്നു.

ഡെപ്യൂട്ടി മേയർ ഗാൽവെ കൗണ്ടി പറഞ്ഞു. ''വിവിധ വിശ്വാസ ആദർശങ്ങളുമായി ബന്ധപെട്ട് നിൽക്കുന്നവർ ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുന്നത് വളരെ അധികം സന്തോഷകരമായ കാര്യമാണ് ''. പിന്നീട് നാഷണൽ പാർലമെന്റ് ഡെപ്യൂട്ടി സ്പീക്കർ മൈക്കിൾ പികാറ്റ് പറഞ്ഞു. വളരെ മനോഹരമായ ഒരു പരിപാടി ആയിരുന്നു. പിന്നീട് ഇദ്ദേഹം എന്റെ സന്ദേശത്തെ കുറിച്ച് പറഞ്ഞു, സ്നേഹത്തെയും സമാധാനത്തെയും കുറിച്ചുള്ള ഈ പ്രഭാഷണം എന്നെ സംബന്ധിച്ചെടുത്തോളം ഉത്സാഹ ജനകമാണ്. സ്നേഹത്തിന്റെ സന്ദേശത്തിന് എത്ര ശക്തിയുണ്ട് എന്ന് ഈ പ്രസംഗത്തിൽ നിന്ന് ഗ്രഹിക്കാൻ സാധിക്കുന്നതാണ്. പിന്നീട് ഈ പരിപാടിയിൽ വന്ന ഒരു അതിഥി പറയുന്നു. ഞാൻ വളരെയധികം സന്തോഷവാനാണ്. താങ്കളുടെ സ്നേഹത്തിന്റെയും സമാ ധാനത്തിന്റെയും സന്ദേശത്താൽ വളരെ അധികം പ്രഭാവിതമാണ്. മറ്റൊരു അതിഥി പറഞ്ഞു. ഇന്ന് ഇസ്‌ലാമിനെ ജനങ്ങൾ വളരെയധികം ഭയപ്പെടുന്നു എന്നതിൽ സംശയമില്ല. എന്നാൽ ഈ പരിപാടി നമുക്ക് എല്ലാവർക്കും മതപരമായ സഹിഷ്ണുതയുടെ പാഠം നൽകിയിരിക്കുന്നു. ഖലീഫ നമുക്ക് ഇസ്‌ലാമിന്റെയും വിശുദ്ധ ഖുർആന്റെയും സ്നേഹത്തെ കുറിച്ചും സമാധാനത്തെ കുറിച്ചുമുള്ള അധ്യാപനങ്ങളെ മനസിലാക്കി തന്നു. അത് നമ്മെ എല്ലാവരെയും സംബന്ധിച്ചെടുത്തോളം തൃപ്തികരമായിരുന്നു. ഇന്നത്തെ പരിപാടിയിലൂടെ നാം ഒരുപാട് കാര്യങ്ങൾ പഠിച്ചു.

മറ്റൊരു അതിഥിയായ ജീനി മെക്‌ലെൻ എന്റെ പ്രസംഗത്തെ കുറിച്ച് പറഞ്ഞു. അദ്ദേഹം വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളെ അനുസ്മരിച്ചു. പറയുന്നു ഖലീഫയുടെ പ്രഭാഷണം കേട്ട എല്ലാവരും വളരെ പ്രഭാവിതരായതായി തോന്നി. പിന്നീട് അതിഥിയായ ഒരു വനിത പറയുന്നു, സമാധാനത്തെ കുറിച്ച് നൽകിയ സന്ദേശം അതുപോലെ തന്നെ ജിഹാദിനെ കുറിച്ച് നൽകിയ വിശദീകരണം അതിലൂടെ ഞാൻ വളരെ അധികം സ്വാധീനിക്കപ്പെട്ടിരിക്കുന്നു മസ്ജിദിന്റെ പേര് തന്നെ സമൂഹത്തിൽ പരസ്പരം ബന്ധത്തിന് വളർച്ച നല്കുന്നതാണ്. ഇവിടെ വന്ന് എനിക്ക് ഇസ്‌ലാമിനെ കുറിച്ച് ഒരു പുതിയ തരത്തിലുള്ള അറിവ് ലഭിച്ചിരിക്കുന്നു.

ഗാൽവെ കൗണ്ടിയിലെ ഒരു കൗൺസിലർ ടോം ഹീലെ പറയുന്നു. നിങ്ങളുടെ സന്ദേശം മുഴുലോകത്തും മുഴങ്ങുമാറാകട്ടെ നിങ്ങൾ റസൂൽ കരീം (സ) യുടെ യഥാർഥത്തിലുള്ള അംബാസിഡർമാർ ആയിത്തീരട്ടെ. പിന്നീട് എഡ്യുക്കേഷൻ ഫൗണ്ടേഷൻ ഡബ്ളിൻ ഡെപ്യൂട്ടി പ്രിൻസിപ്പലായ ഒരു വനിത പറയുന്നു. ഈ പള്ളിയുടെ പേര് മറിയം എന്ന് വെച്ചത് എനിക്ക് വളരെ നല്ല തായി തോന്നി. ഈ പ്രസംഗത്തിൽ നിന്ന് ഇസ്‌ലാമിൽ മറിയമിനുള്ള സ്ഥാനം എന്താണെന്ന് എനിക്ക് മനസിലായി. വിശുദ്ധ ഖുർആനിൽ മറിയം (അ) യുടെ പ്രശംസയാണ് ഉള്ളത് എന്നതും, എന്നെ സംബന്ധിച്ചെടുത്തോളം വളരെ ഹൃദയംഗമമായ ഒരു കാര്യമാണ്. ഇത് ഇസ്‌ലാമിന് എതിരിൽ സംസാരിക്കുന്ന എല്ലാ ക്രിസ്ത്യാനികൾക്കും പറഞ്ഞു കൊടുക്കേണ്ടതാണ്. ഇസ്‌ലാമിനെ കുറിച്ച് എനിക്ക് അധികം അറിവൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് ഇസ്‌ലാമിനെ കുറിച്ച് വളരെ നല്ല സ്വാധീനം ഉണ്ടായിരിക്കുന്നു.

ഒരു വനിത ജേർണലിസ്റ്റ് വന്നിരുന്നു മിസിസ് ബർത്ത പറയുന്നു, ഇന്നേക്ക് മുമ്പ് ഞാൻ ഇസ്‌ലാമിനെകുറിച്ച് ഒന്നും അറിയാത്തവളായിരുന്നു ഞാൻ. ഇന്ന് ദിവസം മുഴുവൻ മസ്ജിദ് മറിയമിലാണ് കഴിച്ച് കൂട്ടിയത്, ഖലീഫയുടെ ജുമുഅ ഖുത്വ്ബയും മസ്ജിദ് മറിയമിന്റെ ഉദ്ഘാടന പ്രസംഗവും കേട്ടു. ഇതിൽ നിന്ന് ഇസ്‌ലാം സമാധാനത്തിന്റെ മതമാണ് എന്ന കാര്യമാണ് സ്വാംശീകരിക്കാൻ സാധിച്ചത്. മറ്റൊരു പത്രപ്രവർത്തകൻ പറയുന്നു. ഈ പ്രസംഗം ചിന്തിക്കാൻ നിർബന്ധിതമാക്കുന്നു. പറയുന്നു, ഈ പ്രസംഗത്തിൽ അദ്ദേഹം ഇസ്‌ലാം അഹ്മദിയ്യത്തിനെ വിശദീകരിച്ചു. പറഞ്ഞു, ചില തീവ്രവാദികൾ അതിനെ വികലമാക്കിയിരിക്കുന്നു. വളരെ ഉന്നതമായ നിലയിൽ ഇസ്‌ലാമിന്റെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സഹിഷ്ണുതയുടേയും അധ്യാ

പനങ്ങൾ അവതരിപ്പിച്ചു. പ്രസംഗം വ്യക്തവും തെളിവുകളിൽ അധിഷ്ഠിതവുമായിരുന്നു. ഇത് കേട്ട് വലിയ അറിവ് ലഭിച്ചു. മറ്റൊരു അതിഥിയുണ്ടായിരുന്നു അവർ അയർലന്റ് അസംബ്ലി യിലെ മെമ്പറാണ്. പറയുന്നു, ആദ്യമായി ഞാൻ നന്ദി രേഖപ്പെ ടുത്തുന്നു. ഞാൻ എന്റെ പരിസരത്തുള്ള ഒരുപാട് സഹോദര ങ്ങളെ അറിയും. അവർ വളരെ പ്രവർത്തനനിരതരാണ്. ഈ അഹ്മദികൾ നമ്മുടെ മുഴുവൻ സമൂഹത്തിലും വലിയ പങ്കാണ് വഹിക്കുന്നത്. ജമാഅത്തിലെ സ്ത്രീകളുടെ സംഘടനയും ചാരിറ്റി ഞങ്ങൾക്ക് നല്കുന്നു.

ഗാൽവെ കൗണ്ടി ഡിവിഷന്റെ ചീഫ് പോലീസ് സൂപ്രണ്ടും ഉണ്ടായിരുന്നു. പറഞ്ഞു, ഇതിൽ പങ്കെടുക്കുകയെന്നത് എന്നെ സംബന്ധിച്ചെടുത്തോളം ബഹുമാനാർഹമാണ്. അഹ്മദിയ്യ മുസ് ലിം ജമാഅത്ത് തീവ്രവാദത്തിൽ വിശ്വസിക്കുന്നില്ല എന്ന കാര്യം എനിക്ക് നല്ലവണ്ണം അറിയാം. ഇതുകൊണ്ടാണ് അഹ്മദിയ്യാ ജമാഅത്ത് ഈ പള്ളിയുടെ പേര് മസ്ജിദ് മറിയം(അ) എന്ന് വെച്ചിരിക്കുന്നത്. ഒരു രാഷ്ട്രീയക്കാരനായ അതിഥി അഹ്മദ് സാഹിബ്, വളരെ കഴിവുള്ള ഒരു രാഷ്ട്രീയക്കാരനാണ് ഇദ്ദേ ഹം. പറയുന്നു, 2010 ൽ തറക്കല്ലിടൽ പരിപാടിയിലും എനിക്ക് പങ്കെടുക്കാൻ സാധിച്ചിരുന്നു. ഇന്ന് ഈ പള്ളി പൂർത്തിയായിരി ക്കുന്നു എന്നതിൽ എനിക്ക് സന്തോഷം തോന്നുന്നു. ഉദ്ഘാടന ത്തിനും ഞാൻ വന്നിരിക്കുന്നു. ജമാഅത്തിന്റെ സ്നേഹത്തെ കുറിച്ചും പ്രേമവായ്പിനെ കുറിച്ചുമുള്ള അധ്യാപനങ്ങളാൽ വള രെ പ്രഭാവിതനാണ്.

പള്ളിയുടെ സൗണ്ട് സിസ്റ്റത്തിനായുള്ള കമ്പനിയുടെ ഉടമ സ്ഥൻ ഒരു ക്രിസ്ത്യാനിയായിരുന്നു. പറയുന്നു ഇവിടെ വന്നതിന് ശേഷം എന്റെ ജീവിതത്തിൽ ഒരു പരിവർത്തനം ഉണ്ടായതായി എനിക്ക് അനുഭവപ്പെട്ടു. പള്ളിയിൽ വന്ന എനിക്ക് ഒരു സമാ ധാനം അനുഭവപ്പെടുന്നു.

ആർ.ടി റേഡിയോ ചാനൽ, ആർ.ടി. ടി.വി ഇവിടെയും കാണാൻ സാധിക്കും, അവരുടെ ശ്രോതാക്കളും ഏകദേശം ഒരു മില്യൺ ഉണ്ട്, അവർ ജുമുഅ റെക്കോർഡ് ചെയ്തു. ജുമുഅക്ക് ശേഷം എന്റെ ഇന്റർവ്യുവും നടത്തിയിരുന്നു. അത് അവർ അവരുടെ പരിപാടിയിൽ ഏകദേശം അതേ രൂപത്തിൽ എഡിറ്റൊന്നും ചെ യ്യാതെ കാണിക്കുകയുണ്ടായി. പിന്നീട് ആർ.ടി.വൺ ന്റെ പ്രതി നിധി, അവർ ഇന്റർവ്യൂ നടത്തിയപ്പോൾ ഇസ്ലാമിനെ കുറിച്ച് ചോദിച്ചു. നിങ്ങളുടെ മുദ്രാവാക്യം എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നാണ്. എന്നാൽ ഇന്ന് മുസ്ലിംലോക ത്ത് നടക്കുന്ന കാര്യങ്ങൾ താങ്കളെ ചിന്താകുലനാക്കുന്നില്ലേ? പ്രയാസത്തിൽ അകപ്പെടുത്തുന്നില്ലേ? ഇതിനെകുറിച്ച് ഞാൻ അവരോട് പറഞ്ഞത്, ഇസ്ലാം പഠിപ്പിക്കുന്നത് ആരുടേയും അവ കാശം ധ്വംസിക്കരുത് എന്നാണ്. ആരുടേയും അവകാശത്തെ ഇല്ലായ്മ ചെയ്യരുത്. ആരിലും അതിക്രമം കാണിക്കരുത് എന്നാ ണ്. ഞങ്ങൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ അനുധാ വനം ചെയ്യുന്നവരാണ്. ഈ ഒരു അടിസ്ഥാനത്തിൽ ഞങ്ങളുടെ മോട്ടോ ഇതാണ്. പിന്നീട് അവർ ചോദിച്ചു ലോകത്തെ കുറിച്ച് താങ്കൾക്ക് എന്താണ് പറയാനുള്ളത്. ഞാൻ പറഞ്ഞു ലോകം എത്ര വേഗത്തിലാണോ കുഴപ്പങ്ങളിൽ അകപ്പെട്ട് കൊണ്ടിരിക്കു ന്നത് ഇത് കേവലം ഇസ്ലാമിക ലോകത്തുള്ള പ്രശ്നം മാത്രമല്ല. അതിൽ യൂറോപ്പിലെ രാജ്യങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഇത് വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. അഥവാ സഹനത്തിന്റെയും ക്ഷമയുടേയും പ്രകടനം കാഴ്ച്ച വെച്ചില്ലാ എങ്കിൽ സമാധാന സംസ്ഥാപനത്തിനുള്ള ശ്രമം ശരിയായ രീതിയിൽ ചെയ്തില്ല എങ്കിൽ പിടിച്ച് നിർത്താൻ സാധിക്കാത്ത ഒരു വലിയ നാശം വരുന്നതായിരിക്കും. ഈ നാശം മൂന്നാം ലോക മഹായുദ്ധമാ യിരിക്കും. ഇതും അവർ അവരുടെ വാർത്തയിൽ പരാമർശിച്ചു.

അതുപോലെ അവർ നമ്മുടെ അയർലന്റ് ജമാഅത്തിന്റെ സദറി ന്റെയും മുബല്ലിഗ് ഇൻചാർജിന്റെയും ഇന്റർവ്യൂം എടുത്തു. ഗാൽവെ എഫ്.എം റേഡിയോ പ്രക്ഷേപണം ചെയ്തു. അത് കേൾക്കുന്നവരുടെ എണ്ണം ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരം ആണ്. അയർലന്റിന്റെ നാഷണൽ പത്രമായ ഐറിഷ് ടൈംസും വാർത്ത നൽകി. സെപ്റ്റംബർ 29 ാം തിയ്യതി ഏകദേശം മുക്കാൽ പേജ് വാർത്ത നൽകിയിരുന്നു. പള്ളിയുടെ വലിയ ഫോട്ടോ നൽകിയതോടൊപ്പം എന്റെ ഫോട്ടോയും നൽകിയിരുന്നു. അവർ വന്ന് ഇന്റർവ്യൂയും എടുത്തു. ഇന്റർവ്യൂയിൽ നിന്ന് ചില കാര്യങ്ങൾ കോട്ട് ചെയ്യുകയും ചെയ്തു.

ഈ പത്രത്തിന്റെ വായനക്കാർ ഒരുലക്ഷത്തി എൺപതിനായിരം പേരാണ്. ഇന്റർനെറ്റിലൂടെ ഏകദേശം നാല് ലക്ഷത്തി എൺപ ത്തിനാലായിരത്തിലധികം ആളുകൾ ഇത് വിസിറ്റ് ചെയ്യുകയും വായിക്കുകയും ചെയ്യുന്നു.

നാം പള്ളികൾ നിർമ്മിക്കുന്നിടത്ത് അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പ്രചരിപ്പിക്കു ന്നതിനുള്ള അസാധാരണമായ സംവിധാനവും ഉണ്ടാവുന്നു. അല്ലാഹുവിന്റെ സഹായം പ്രകടമാകുന്നു. എന്റെ പര്യടനങ്ങളി ലും അസാധാരണമായ അനുഗ്രഹങ്ങൾ ചൊരിയുന്നു എന്നതും അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. ഈ എല്ലാ അനുഗ്രഹ ങ്ങളും സഹായങ്ങളും തബ്ലീഗിനും പരിചയപെടലിനുമുള്ള പുതിയ മാർഗങ്ങളാണ്. ഇത് ഹദ്റത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ അനുസരിച്ചാണ്. നമ്മുടേത് സാധാരണ നിലയിലുള്ള ശ്രമങ്ങളാണ്. എന്നാൽ അല്ലാഹുവി ന്റേത് അളവില്ലാത്ത അനുഗ്രഹ വർഷമാണ്. ഇത് മുഖേന എല്ലാ അഹ്മദികളുടേയും വിശ്വാസത്തിൽ കൂടുതൽ ദൃഢതയുണ്ടാ വുന്നു ഉണ്ടാവേണ്ടതുമാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. അത്ഭു തകരമായ വിധത്തിൽ അല്ലാഹു സത്യത്തെ തിളക്കമുള്ളതാക്കു ന്നതിനും നമ്മുടെ ജമാഅത്തിനെ സഹായിക്കുന്നതിനുമായി ഇ ത്രയധികം ശക്തി ചെലുത്തുന്നു. എന്നിട്ടും ഇവരുടെ കണ്ണ് തുറ ക്കുന്നില്ല. ഇതും അല്ലാഹുവിന്റെ ഒരു ചര്യയാണ്. നിഷേധികളു ടെ നിഷേധം അല്ലാഹുവിന്റെ അടയാളങ്ങളെ വലിച്ചടുപ്പിക്കുന്നു.

ഏതായിരുന്നാലും ഈ നാമധാരികളായ പണ്ഢിതന്മാരുടേയും സ്വാർഥമതികളായ ലീഡർമാരുടേയും ചങ്ങലകളിൽ നിന്ന് ഈ മുസ്ലീംകൾ പുറത്ത് വന്ന് ഇസ്ലാമിന്റെ മനോഹരമായ അധ്യാ പനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരും അത് പ്രചരിപ്പി ക്കുന്നവരുമായി തീരട്ടെ. ഈ ലക്ഷ്യത്തിന് വേണ്ടി അല്ലാഹു അയച്ച ആ ഇമാമിനെ സ്വീകരിക്കുന്നവരായി തീരുമാറാകട്ടെ. നമ്മെ ഇവർ ശഹീദാക്കികൊണ്ടിരിക്കുന്നു. ഒരാളെ ശഹീദാക്കു ന്നു എന്നാൽ അത്കൊണ്ട് ഇവർക്ക് സമാധാനം ലഭിക്കുന്നുണ്ടോ? ഇവരുടെ നൂറുക്കണക്കിന് ആളുകൾ ദിവസേന അല്ലെങ്കിൽ ചുരു ങ്ങിയത് ആഴ്ചയിൽ മരിച്ച് കൊണ്ടിരിക്കുന്നു. പാക്കിസ്ഥാനിൽ തന്നെ നിങ്ങൾ നോക്കി ക്കൊള്ളുക, എല്ലായിടത്തും കുഴപ്പവും, അസ്വസ്ഥതയുമാണ്. ഏതായിരുന്നാലും അല്ലാഹു നമുക്കും നമ്മുടെ കടമകൾ പൂർണമായും ഉന്നതമായ നിലയിൽ നിറവേ റ്റാനുള്ള തൗഫീഖ് നൽകുമാറാ കട്ടെ.

ഇന്നും ഞാൻ ഒരു ശഹീദിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാ ണ്. അദ്ദേഹത്തെ മിർപൂർ ഖാസിൽ ശഹീദാക്കി. രണ്ട് മറ്റ്

ജനാസകളുമുണ്ട്. ഒന്ന് ജനാസ ഹാസിർ ആണ്, ആദ്യം അതിനെക്കുറിച്ച് പറയാം. ഇത് ഡോക്ടർ റുബീന കരീം സാഹിബയുടേതാണ്. ഇവർ ഡോക്ടർ അബ്ദുൽ മുൻഇം സാഹിബ് അയർലന്റിന്റെ ഭാര്യയാണ്. സപ്തംബർ 27ാംതിയ്യതി ദൈവീകവിധി പ്രകാരം വഫാത്തായി. اِنَّا لِلّٰہِ وَ اِنَّآ اِلَیۡہِ رٰجِعُوۡنَ. ബഹുമാനപ്പെട്ട ഖുറൈശി മുഹമ്മദ് കരീം സാഹിബ് റാവൽ പിണ്ഡിയുടെ മകളും ഹ: മസീഹ് മൗഊദ് (അ) ന്റെ സഹാ ബിയുമായിരുന്നു. ഹദ്റത് ഹാഫിസ് മുഹമ്മദ് അമീൻ സാഹിബിന്റെ പേരകുട്ടിയുമായിരുന്നു. രണ്ടായിരത്തിൽ വിവാഹിതയായി അയർലന്റിൽ വന്നതായിരുന്നു അവിടെ അയർലന്റ് ജമാഅത്തിൽ നീണ്ട കാലം ലജ്ന ജനറൽ സെക്രട്ടറിയായും സെക്രട്ടറി മാൽ ആയും സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു. അതുപോലെ തന്നെ 2009 മുതൽ തന്റെ മരണം വരെ ഈസ്റ്റ് റീജ്യന്റെ നാഇബ് സദ്ർ ലജ്ന മഖാമിയായും ഉത്തരവാദിത്വം നിറവേറ്റി.

ഞാൻ പറഞ്ഞ ശഹീദ് ബഹുമാനപ്പെട്ട മുബശ്ശിർ അഹ്മദ് സാഹിബ് ഖോസ ഇബ്നു മുഹമ്മദ് ജലാൽ സാഹിബ് ഓഫ് സാറ്റ്ലൈറ്റ് ടൗൺ മിർപൂർ ഖാസ് ആണ്. ഇദ്ദേഹത്തെ സെപ്തംബർ 22 ാം തിയ്യതി രാത്രി ഏഴരമണിക്ക് ഇദ്ദേഹം പ്രാക്ടീസ് ചെയ്തിരുന്ന ക്ലിനിക്കിൽ ഫയറിങ്ങ് ചെയ്ത് ശഹീദാക്കി. اِنَّا لِلّٰہِ وَ اِنَّآ اِلَیۡہِ رٰجِعُوۡنَ വിശദവിവരമനുസരിച്ച് ഡോക്ടർ മുബശ്ശിർ അഹ്മദ് സാഹിബ് സാധാരണത്തെ പോലെ തന്റെ ക്ലിനിക്കിൽ രോഗികളെ നോക്കുകയായിരുന്നു. രണ്ട് അപരിചിതരായ ആളുകൾ മോട്ടോർസൈക്കിളിൽ വരുകയും അവരിൽ ഒരാൾ ക്ലിനിക്കിൽ പ്രവേശിച്ച് ഡോക്ടർ മുബശ്ശിർ അഹ്മദ് സാഹിബിന് നേരെ നിറയൊഴിച്ചു. വെടി വെച്ചത് കാരണം അഞ്ച് ആറ് വെടിയുണ്ടകൾ ശഹീദ് മർഹൂമിന്റെ തലയിലും നെഞ്ചിലും ഏറ്റു. അതു മൂലം സംഭവസ്ഥലത്ത് വെച്ച് തന്നെ വഫാത്തായി. ശഹീദ് മർഹൂം ശഹീദായപ്പോൾ സെക്രട്ടറി തർബിയത്ത് നൗ മുബാഈൻ എന്ന നിലയിൽ സേവനം ചെയ്ത് കൊണ്ടിരിക്കുകയായിരുന്നു. ഇതു കൂടാതെയും ഡോക്ടർ സാഹിബിന് ജമാഅത്തിന്റെയും ശാഖാ സംഘടനകളുടേയും വിവിധ ഭാരവാഹിത്വം വഹിച്ച് കൊണ്ട് സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചിട്ടുണ്ട്. ഡോക്ടർ അബ്ദുൽ മന്നാൻ സാഹിബ് ശഹീദിന്റെ ഇമാറത്ത് കാലഘട്ടത്തിൽ ജില്ലാ മജ്ലിസെ ആമിലയിൽ മെമ്പറായിരുന്നു. വരുന്ന എല്ലാ നവ അഹ്മദികൾക്കും ഭക്ഷണത്തിനുള്ള സൗകര്യം ഒരുക്കാറുണ്ടായിരുന്നു. അവരുടെ പക്കൽ യാത്രക്കുള്ള പണമില്ലെങ്കിൽ തന്റെ പോക്കറ്റിൽ നിന്ന് അവർക്ക് പണം നൽകുമായിരുന്നു. സൃഷ്ടി സേവനത്തിന് വളരെ താത്പര്യമായിരുന്നു. കശ്മീരിൽ ഭൂകമ്പം ഉണ്ടായപ്പോൾ മെഡിക്കൽ ടീമിന്റെ കൂടെ അവിടെ പോവുകയും 22 ദിവസം സേവനത്തിനുള്ള തൗഫീഖും ലഭിച്ചു. ഏതായിരുന്നാലും ത്യാഗത്തിന്റെ മേഖലയിൽ മുൻനിരയിലായിരുന്നു. അതിഥി സൽക്കാര പ്രിയനായിരുന്നു. തന്റെ സുഹൃത്തുക്കൾക്കും ജമാഅത്ത് ഭാരവഹികൾക്കും സദ്യക്കുള്ള സംവിധാനം ഒരുക്കാറുണ്ടായിരുന്നു. അങ്ങേയറ്റം സാധാരണ പ്രകൃതക്കാരനായിരുന്നു. ഖിലാഫത്തുമായി അങ്ങേയറ്റം സ്നേഹവും പ്രേമബന്ധവുമായിരുന്നു. അനുസരണത്തിന്റെ അസാധാരണമായ ആവേശം ഉണ്ടായിരുന്നു. ജമാഅത്ത് ആയി നമസ്കരിക്കുന്ന ആളായിരുന്നു. നഫൽ നമസ്കരിക്കാറുണ്ടായിരുന്നു. സ്വലാത്ത് ചെല്ലുന്ന ആളായിരുന്നു. എപ്പോഴും എളിമയോട് കൂടി സംസാരിക്കുകയും മാപ്പ് നൽകുകയും ചെയ്യുമായിരുന്നു. ഉന്നത സ്വഭാവങ്ങളുടെ ഉടമസ്ഥനായിരുന്നു, വളരെ സമുന്നതനും അഭിമാനം ജനിപ്പിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമസ്ഥനുമായിരുന്നു. 47 വയസ്സായിരുന്നു. മൂസിയായിരുന്നു.

മൂന്നാമത്തെ ജനാസ അൽ ഹാജിയ സിസ്റ്റർ നഈമ ലത്തീഫ് സാഹിബയുടേതാണ്. ഇവർ ബഹുമാനപ്പെട്ട അൽഹാജ് ജലാലുദ്ദീൻ ലത്തീഫ് സാഹിബ്, സദ്ർ സായിൻ ജമാഅത്ത് നാഇബ് സദ്ർ അൻസാറുല്ലാഹ് യു.എസ്.എ ജമാഅത്തിന്റെ ഭാര്യയായിരുന്നു. കുറച്ച് കാലമായി വളരെ അധികം രോഗിയായിരുന്നു, ളുഹർ നമസ്കാരത്തിന് തയ്യാറായിക്കൊണ്ടിരിക്കെ തന്റെ യഥാർഥ നാഥനിലേക്ക് പോയി اِنَّا لِلّٰہِ وَ اِنَّآ اِلَیۡہِ رٰجِعُوۡنَ. സിസ്റ്റർ നഈമ ലത്തീഫ് 1939 മെയ് 21 ന് ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. അവർ വെസ്റ്റ് വെർജീനിയ യൂണിവേഴ്സിറ്റിയിൽ നിന്നും വിദ്യാഭ്യാസം കരസ്ഥമാക്കി. അമേരിക്കൻ ആർമിയിലെ മെഡിക്കൽ വിഭാഗത്തിൽ സന്നദ്ധ സേവനം ചെയ്ത് കൊണ്ട് ജോലി ആരംഭിച്ചു. യുദ്ധത്തിൽ പരിക്ക് പറ്റുന്ന പട്ടാളക്കാരെ നോക്കുന്ന ജോലി ചെയ്തു. സമൂഹത്തിൽ തന്റെ ഉത്തരവാദിത്വം മനസിലാക്കുന്ന, നിയമം പാലിക്കുന്ന സമാധാന കാംഷിയായ വനിതയായിരുന്നു. 1974 ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. സ്വയം പഠനം നടത്തി വളരെ വേഗത്തിൽ ഈമാനിലും ആത്മാർഥതയിലും പുരോഗതി നേടി. ഏതു വരെ എന്നാൽ 2000 ലെ യു.കെ ജൽസാ സാലാനയിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅുമായി കൂടിക്കാഴ്ച്ച നടന്നപ്പോൾ ഹുസൂർ അവരോട് പറഞ്ഞു, താങ്കൾ ജന്മനാ അഹ്മദി മുസ്ലിമാണ് എന്നാണ് തോന്നുന്നത്. സിസ്റ്റർ നഈമ തന്റെ ജീവിതത്തിൽ ഒരിക്കലും ജുമുഅ നമസ്കാരം ഉപേക്ഷിച്ചിട്ടില്ല. ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കുന്നവരായിരുന്നു. ഖിലാഫത്തും ഖലീഫയുമായി അങ്ങേയറ്റത്തെ സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നതിന് പ്രഥമ പരിഗണന നൽകുമായി രുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ അമേരിക്കൻ പര്യടനത്തിൽ ഒരു യൂണിവേഴ്സിറ്റിയിൽ പർദ്ദയുടെ പ്രാധാന്യത്തെ കുറിച്ചുള്ള ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ പ്രസംഗം ശ്രവിച്ച് അപ്പോൾ തന്നെ ഹിജാബ് അണിഞ്ഞു. ആ കാലഘട്ടത്തിൽ ആ പ്രദേശത്ത് ഇസ്ലാമിക പർദ്ദ അണിയുന്ന ഏക വനിതയായിരുന്നു അവർ. അല്ലാഹു പരേതയുടെ സ്ഥാനം ഉയർത്തുമാറാകട്ടെ

അവരോട് സ്നേഹത്തോടും മഗ്ഫിറത്തോടു കൂടി പെരുമാറട്ടെ. അവരുടെ ഭർത്താവിനും മക്കൾക്കും ധൈര്യം പ്രധാനം ചെയ്യുമാറാകട്ടെ. ദു:ഖം സഹിക്കാനുള്ള തൗഫീഖ് നൽകട്ടെ. എപ്പോഴും അവരുടെ പ്രയാസങ്ങൾ ദുരീകരിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 03.10.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Sulthan Naseer For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To